# പതിനാലാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.496** **24.01.2018-ൽ മറുപടിയ്ക്ക്**

## ജി.എസ്.ടി.

| ചോദ്യം<br>ശ്രീ. ടി.എ.അഹമ്മദ് കബീർ : | | മറുപടി<br>ഡോ. ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ജി.എസ്.ടി. നടപ്പിലാക്കിയതിന് ശേഷം നികുതി വരുമാനം വർദ്ധിച്ചിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച കണക്കുകൾ വ്യക്തമാക്കാമോ; | (എ) | കഴിഞ്ഞ ബഡ്ജറ്റിൽ വിഭാവനം ചെയ്യുരീതിയിൽ 25% നികുതി വർദ്ധന കൈവരിക്കുവാൻ സാധിച്ചിട്ടില്ല. ജി.എസ്.ടി നടപ്പിലായതിനെത്തുടർന്ന് സംസ്ഥാനങ്ങൾക്ക് 5 വർഷത്തിലുണ്ടാകുന്ന നികുതി നഷ്ടം പരിഹരിക്കുന്നതിനായി വ്യക്തമായ നിബന്ധനകളുടെ അടിസ്ഥാനത്തിൽ ജി.എസ്.ടി കോമ്പൻസേഷൻ ആക്ട് പാർലമെന്റ് പാസാക്കിയിട്ടുണ്ട്. ഇതുപ്രകാരം 2015-16 ലെ കളക്ഷന്റെ 14% വർദ്ധനവ് കണക്കിൽ 2017-18 കേരളത്തിന്റെ ദ്വൈമാസ അർഹതപ്പെട്ട തുകയായി നിശ്ചയിച്ചിരിക്കുന്നത് 3644 കോടി രൂപയാണ്. ഇതിൽനിന്നും ജി.എസ്.ടി വരുമാനവും ആ മാസം ലഭിച്ച എൽ എൻ ജി ഒഴിച്ചുള്ള വാറ്റ് കളക്ഷനും കുട്ടിക്കഴിച്ചുള്ള ബാക്കി തുകയാണ് നഷ്ടപരിഹാരം ലഭിക്കുന്നത്. ദ്വൈമാസക്കണക്കിൽ നഷ്ടപരിഹാരത്തിന്റെ ആദ്യ രണ്ടു ഗഡുക്കളായി ജൂലൈ- ആഗസ്റ്റ് മാസങ്ങളിലേയ്ക്ക് 810 കോടി രൂപയും സെപ്റ്റംബർ - ഒക്ടോബർ മാസങ്ങളിലേയ്ക്ക് 395 കോടി രൂപയും സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. |
| (ബി) | ജി.എസ്.ടി നടപ്പിലാക്കിയതിനു ശേഷം ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനരീതി വിശദീകരിക്കാമോ; | (ബി) | ജി.എസ്.ടി നടപ്പിലായതിനെ തുടർന്ന് ചെക്ക് പോസ്റ്റ് സമ്പ്രദായം നിർത്തലാക്കുകയുണ്ടായി. |

| | | | |
|---|---|---|---|
| (സി) | ജി.എസ്.ടി. നടപ്പിലാക്കിയതിനു ശേഷം വാണിജ്യനികുതി വകുപ്പിൽ ജോലി ഭാരം കുറഞ്ഞിട്ടുണ്ടോ; ഉണ്ടെങ്കിൽ വകുപ്പിലെ ഉദ്യോഗസ്ഥരെ പുനർവിന്യസിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? | (സി) | ചെക്ക് പോസ്റ്റുകൾ നിർത്തലാക്കിയതിനെത്തുടർന്ന് ചെക്ക് പോസ്റ്റുകളിൽ വിന്യസിച്ചിരുന്ന ഉദ്യോഗസ്ഥരെ പുനർ വിന്യസിച്ച് ഇന്റലിജൻസ് സ്ക്വാഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കി, ഇ-വേ ബില്ലിന്റെ സത്യസന്ധത ഉറപ്പു വരുത്തുന്നതിനായി ചരക്കു വാഹനങ്ങളുടെ ഭൗതിക പരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ വാറ്റ് ഫയലുകളുടെ നികുതി നിർണ്ണയം നടത്തുന്നതിനും ഉദ്യോഗസ്ഥരെ പുനർവിന്യാസം നടത്തിയിട്ടുണ്ട്. |

M. asalim

**സെക്ഷൻ ഓഫീസർ**